"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം ചിറയിൻകീഴ് എസ്.എസ്.വി.ജി.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (ഗണിതം) ശ്രീമതി ലതിക എൽ.എൻ. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3793/2026/GEDN തീയതി,തിരുവനന്തപുരം, 05-06-2026

പരാമർശം:-

1. ശ്രീമതി ലതിക എൽ.എൻ. സമർപ്പിച്ച 10/02/2025-ലെ റിവിഷൻ ഹർജി.
2. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/04/2025-ലെ DEOATL/589/2025-B6 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08/04/2025-ലെ ഇടി5/6947/2025/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ചിറയിൻകീഴ് എസ്.എസ്.വി.ജി.എച്ച്.എസ്.ലെ എച്ച്.എസ്.റ്റി. (ഗണിതം) ശ്രീമതി ലതിക എൽ.എൻ. പരാമർശം 1 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം 10/04/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ഹർജിക്കാരി എടുത്തിരുന്ന ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത 30/09/2020 മുതൽ 14/07/2021 വരെയുള്ള കാലയളവ് റദ്ദ് ചെയ്തു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

2. സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടിയാൾക്ക് വിദേശത്ത് പോകുന്നതിനായി KSR Part I Appendix XII C പ്രകാരം 20/08/2008 മുതൽ 19/08/2023 വരെ 15 വർഷത്തേക്ക് 3 സ്പെല്ലായി LWA അനുവദിച്ചു നൽകിയിരുന്നു. കോവിഡ് 19 വ്യാപകമായ സാഹചര്യത്തിൽ ടിയാൾ നാട്ടിൽ മടങ്ങിയെത്തുകയും, സ്കൂളുകൾ ഭാഗികമായി തുറന്നു പ്രവർത്തിക്കാനാരംഭിച്ച സമയത്ത്, 19/01/2022-ലെ എ2/148/2021/പൊവിവ നമ്പർ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, എ5/8157/2020 തീയതി 28/09/2020 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ടിയാൾക്ക് സ്കൂളിൽ ജോയിൻ ചെയ്യുന്നതിന് അനുമതി നൽകിയതിനെ തുടർന്ന് 30/09/2020 FN മുതൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ ടി കത്ത് പുറപ്പെടുവിക്കുന്നതിനു മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർ 30/09/2020 മുതൽ 14/07/2021 വരെ LWA Extension അനുവദിക്കുകയും 15/07/2021 മുതൽ 19/08/2023 വരെയുള്ള കാലയളവ് മാത്രം റദ്ദാക്കി നൽകുകയുമുണ്ടായി. 30/09/2020 മുതൽ 14/07/2021 വരെ ടിയാൾ

ജോലി ചെയ്തിട്ടുണ്ടെങ്കിലും ശമ്പളവും ആനുകൂല്യങ്ങളും നല്കിയിട്ടില്ല. 19/01/2022-ലെ സർക്കാർ കത്ത് നം.എ2/148/2021-ൽ നിർദ്ദേശിച്ച പ്രകാരം ഹർജിക്കാരിയുടെ 30/09/2020 മുതൽ 14/07/2021 വരെയുള്ള ഉപയോഗിക്കാത്ത ശൂന്യവേതനാവധി കാലയളവ് റദ്ദാക്കി നൽകണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

3. 24/03/2020 തീയതിയിലെ ജി.ഒ.(ആർ.റ്റി) നം.1402/2020/പൊവിവ പ്രകാരം 21/03/2020 മുതൽ സ്കൂൾ തുറക്കുന്നതുവരെ വെക്കേഷൻ ആയി പരിഗണിക്കുന്നതാണെന്ന് ഉത്തരവായിരുന്നു. റഗുലർ ക്ലാസ്സുകൾ ആരംഭിച്ചത് 15/07/2021-ന് ആയതിനാൽ ടി ഉത്തരവ് പ്രകാരം 14/07/2021 വരെ വെക്കേഷൻ ആയി പരിഗണിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ, ധനകാര്യ (റൂൾസ് എ) വകുപ്പിന്റെ 19/06/2010-ലെ പരിപത്രം നം.56/2010/ഫിൻ പ്രകാരം ശൂന്യവേതനാവധിയിലുള്ള ജീവനക്കാർ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് 2 മാസം മുൻപ് മേലധികാരികൾക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4. കോവിഡ് 19-ന്റെ സാഹചര്യത്തിൽ, വെക്കേഷൻ ആയി കണക്കാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കാലയളവിലാണ് ഹർജിക്കാരി തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെന്നും മാത്രമല്ല, ശൂന്യവേതനാവധി റദ്ദാക്കുന്നതിനായി 2 മാസം മുൻപ് മേലധികാരിക്ക് ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും, ഇക്കാരണങ്ങളാൽ ടിയാളുടെ അപേക്ഷ അംഗീകരിക്കുവാൻ സാധിക്കില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഹർജിക്കാരിക്ക് 20/08/2008 മുതൽ 19/08/2023 വരെ മൂന്ന് സ്പെല്ലുകളിലായി LWA അനുവദിച്ചു. കോവിഡ് 19 ആയപ്പോൾ ടിയാൾ 30/09/2020 മുതൽ സ്കൂളിൽ തിരികെ ജോലിയിൽ പ്രവേശിച്ചു. സ്കൂൾ തുറന്ന് പ്രവർത്തനം ആരംഭിച്ച 15/07/2021 മുതൽ 19/08/2023 വരെയുമുള്ള LWA കാലയളവ് റദ്ദാക്കി നൽകിയിട്ടുണ്ടെങ്കിലും ശമ്പളം നൽകിയിട്ടില്ല. എന്നാൽ 30/09/2020 മുതൽ 14/07/2021 വരെയുള്ള LWA റദ്ദാക്കി നൽകിയിട്ടില്ല.

6. 15/07/2021 മുതൽ 19/08/2023 വരെയുള്ള LWA റദ്ദാക്കിയിട്ടുള്ള സാഹചര്യത്തിൽ ടി കാലയളവിലെ ശമ്പളം അനുവദിക്കാവുന്നതാണ്. റഗുലർ ക്ലാസ്സുകൾ ആരംഭിച്ചത് 15/07/2021-ന് ആയതിനാൽ 24/03/2020 തീയതിയിലെ ജി.ഒ.(ആർ.റ്റി) നം.1402/2020/പൊവിവ ഉത്തരവ് പ്രകാരം 14/07/2021 വരെ വെക്കേഷൻ ആയി പരിഗണിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ഹർജിക്കാരിയുടെ 30/09/2020 മുതൽ 14/07/2021 വരെയുള്ള LWA ടിയാൾ 30/09/2020-ൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് കണക്കിലെടുത്ത് റദ്ദാക്കി നൽകേണ്ടതില്ല.

7.മേൽ സാഹചര്യത്തിൽ റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ റിവിഷൻ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി ലതിക എൽ.എൻ., എച്ച്.എസ്.റ്റി (ഗണിതം), എസ്.എസ്.വി.ജി.എച്ച്.എസ്.,

ചിറയിൻകീഴ്, തിരുവനന്തപുരം.
മാനേജർ, എസ്.എസ്.വി.ജി.എച്ച്.എസ്., ചിറയിൻകീഴ്, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (30.01.2026 ലെ ജെ.എ3/477/2025/പൊ.വി.വ. പ്രകാരം)
ധനകാര്യ വകുപ്പ് (24.04.2026 ലെ E: 3439609/EDN-A2/68/2026-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/26/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 05-06-2026 14:30:46

സെക്ഷൻ ഓഫീസർ